**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 227** **23-01-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കാനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിനെ 'മികവിന്റെ കേന്ദ്രം' ആക്കാൻ കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ വിശദമാക്കാമോ; | (എ) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ എമർജൻസി വിഭാഗത്തെ ട്രോമ കെയറിന്റെയും ബേൺസ് ചികിത്സയുടെയും സെൻറർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുണ്ട്. പരിക്കുകളുടെയും പൊള്ളലിന്റെയും പ്രതിരോധത്തിനും മാനേജ്മെന്റിനുമുള്ള ദേശീയ പരിപാടിയുടെ (NPPMT & BI) ഭാഗമായാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ രാജ്യത്തെ 8 പ്രമുഖ ആരോഗ്യ സ്ഥാപനങ്ങളെ സെൻറർ ഓഫ് എക്സലൻസായി തെരഞ്ഞെടുത്തത്.<br><br>കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിനെ അപൂർവ രോഗങ്ങൾക്കുള്ള മികവിന്റെ കേന്ദ്രമായി (Centre of excellence for Rare diseases) കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറ് പ്രഖ്യാപിച്ച ചെക്ക് ലിസ്റ്റ് പ്രകാരം ജനിതക രോഗ നിർണയത്തിനും അതിന് ചികിത്സിക്കുന്നതിനുമുള്ള ഇൻഫ്രാ സ്ട്രക്ച്ചറൽ ഫെസിലിറ്റീസ് (ward, lab, prenatal diagnosis), ജനിതക രോഗവിദഗ്ധന്റെ സേവനം, രോഗികളുടെ കണക്ക് എന്നിവ പരിശോധിച്ച് കേന്ദ്ര സംഘം വിലയിരുത്തിയ ശേഷമാണ് ഇത് പ്രഖ്യാപിച്ചത്. സെൻറർ ഓഫ് എക്സലൻസ് പ്രകാരം ഓരോ വർഷവും രണ്ട് കോടി രൂപ വീതം മെഡിക്കൽ കോളേജിന് ലഭിക്കും. 2024-25 വർഷത്തിൽ 2 കോടി രൂപയും 2025-26 വർഷത്തിൽ 2 കോടി രൂപയും ഉൾപ്പെടെ 4 കോടി രൂപയാണ് ലഭ്യമാകുന്നത്. |
| (ബി) | ഏതെല്ലാം മേഖലകളെ ഉൾപ്പെടുത്തിയാണ് മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ സാധിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | മറുപടി (എ) പിരിവായി ചേർത്തിരിക്കുന്നു. |
| (സി) | 2021 - ൽ നിലവിൽവന്ന സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ മെഡിക്കൽ | (സി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്കും മറ്റ് ആരോഗ്യ കേന്ദ്രങ്ങൾക്കും ലഭിച്ചിട്ടുള്ള ദേശീയ |

| | |
|---|---|
| കോളേജുകൾക്കും മറ്റ് ആരോഗ്യ കേന്ദ്രങ്ങൾക്കും ലഭിച്ചിട്ടുള്ള ദേശീയ അന്തർദേശീയ ബഹുമതികളും അംഗീകാരങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | അന്തർദേശീയ ബഹുമതി കളും അംഗീകാരങ്ങളും ചുവടെ ചേർക്കുന്നു. |

**<u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u>**

**<u>ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>**

**2023** ലേക്കുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം പങ്കെടുക്കുകയും ഇതിന്റെ ഫലമായി ദേശീയതലത്തിൽ മെഡിക്കൽ വിഭാഗത്തിൽ **44-**ാം റാങ്ക് ലഭിക്കുകയും ചെയ്തു**. 2024** ലേക്കുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ തിരുവനന്തപുരം ഗവ**.**മെഡിക്കൽ കോളേജ് പങ്കെടുക്കുകയും ഇതിന്റെ ഫലമായി ദേശീയ തലത്തിൽ മെഡിക്കൽ വിഭാഗത്തിൽ **42**ാം റാങ്ക് ലഭിക്കുകയും ചെയ്തു**.**

അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്ക് വേണ്ട മികവിന്റെ കേന്ദ്രമായി രാജ്യത്ത് തിരഞ്ഞെടുക്കപ്പെട്ട **11** ആശുപത്രികളിൽ ഒന്നും കേരളത്തിലെ ആദ്യത്തേതുമായ ആശുപത്രിയാണ് എസ്**.**എ **.** റ്റി**.**

എസ്**.**എ**.**റ്റി ആശുപത്രിക്ക് LaQshya സർട്ടിഫിക്കേഷൻ ലഭിച്ചു**.** എസ്**.**എ**.**ടി ആശുപത്രിക്ക് MBFHI (Mother Baby Friendly Hosptial Initiative) സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്**.**

**<u>ഗവ. മെഡിക്കൽ കോളേജ്, ആലപ്പുഴ</u>**

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിന് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ കാർഡുകൾ **(**കാസ്പ് ഹെൽത്ത് ഇൻഷുറൻസ്**)** ജനങ്ങൾക്ക് നൽകിയതിന് സംസ്ഥാന തലത്തിൽ ആശുപത്രിയ്ക്ക് ഒന്നാം സ്ഥാനവും**,** ദേശീയ തലത്തിൽ മൂന്നാം സ്ഥാനവും നേടാൻ കഴിഞ്ഞിട്ടുണ്ട്**.** കേരളത്തിലെ ആരോഗ്യ രംഗത്തിന്റെ കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി ഏറ്റവും കൂടുതൽ ജനങ്ങൾക്ക് സൗജന്യചികിത്സ നൽകിയതിനുള്ള ആരോഗ്യ മന്ഥൻ പുരസ്കാരം **2023-**ൽ ദേശീയ തലത്തിൽ സംസ്ഥാനം കൈവരിക്കുകയുണ്ടായി**.**

**<u>ഗവ. മെഡിക്കൽ കോളേജ്, കോട്ടയം</u>**

ആരോഗ്യ മന്ഥൻ പുരസ്കാരം **3.0 (**KASP) - 2021 ലും**, 4.0** (KASP) - 2022 ലും ലഭിച്ചു**.**

കോട്ടയം**,** കോഴിക്കോട് മെഡിക്കൽ കോളേജുകൾ മുഖാന്തിരം കാസ്പ് പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് സൗജന്യ ചികിത്സ നൽകിയതിന്

കേരള സംസ്ഥാനത്തിന് രാജ്യത്ത് ഒന്നാം സ്ഥാനം നേടുവാൻ സാധിച്ചു.

<u>ലഭിച്ച ബഹുമതികൾ</u>

**1**) ലക്ഷ്യ (LaQshya) 2022-23 ൽ 87% മാർക്കോടെ ഗൈനക്കോളജി വിഭാഗം LaQshya അംഗീകാരം നേടി

2) MBFHI (Mother Baby Friendly Hosptial Initiative) 97.26% മാർക്കോടെ അംഗീകാരം നേടി

3) മെഡിസെപ്പ് - ബെസ്റ്റ് പെർഫോർമർ

4) ആരോഗ്യ മന്ഥൻ 3.0 (KASP) - 2021

***<u>ഗവ. മെഡിക്കൽ കോളേജ്, എറണാകുളം</u>***

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തന മികവിന് NHM ന്റെ Mother and Baby Friendly Hospital അവാർഡ് **2023** ൽ ലഭിച്ചു.

***<u>ഗവ. മെഡിക്കൽ കോളേജ്, വയനാട്</u>***

വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് **2023** വർഷത്തിൽ LaQshya പുരസ്കാരം ലഭിച്ചിട്ടുണ്ട്. **97.94%** സ്കോറോടെ വയനാട് സർക്കാർ മെഡിക്കൽ കോളേജായി ഉയർത്തപ്പെട്ട ജില്ലാ ആശുപത്രിയിലെ ശിശുരോഗവിഭാഗം മാതൃ-ശിശു സൗഹൃദ ആശുപത്രിയായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ശിശുരോഗ വിഭാഗം മുസ്കാൻ സർട്ടിഫിക്കേഷനായി അപേക്ഷിക്കുകയും, അതിന്റെ ഭാഗമായുള്ള സംസ്ഥാനതല വിലയിരുത്തലും ദേശീയ വിലയിരുത്തലും നടത്തിയിട്ടുമുണ്ട്.

***<u>ഗവ. മെഡിക്കൽ കോളേജ്, കോന്നി</u>***

കോന്നി സർക്കാർ മെഡിക്കൽ കോളേജിന് കഴിഞ്ഞ ശബരിമല മണ്ഡലകാല ഉത്സവ സീസണിലെ **(2023-24)** മികച്ച **Base Hospital** ന് ഉള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്

***<u>ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്</u>***

ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ കേരളത്തിൽ ആദ്യമായി മികച്ച ശിശുസൗഹൃദ സേവനങ്ങൾക്കുള്ള ദേശീയ മുസ്കാൻ (MusQan) സർട്ടിഫിക്കേഷൻ **96%** മാർക്കോടുകൂടി ഗവൺമെന്റ്

മെഡിക്കൽ കോളേജ് കോഴിക്കോട് **2024** ജനുവരിയിൽ സ്വന്തമാക്കി.

മാതൃശിശു സംരക്ഷണകേന്ദ്രത്തിന് ലേബർ റൂമിന്റെയും അനുബന്ധ ചികിത്സയുടെയും നിലവാരം നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയതിന് LaQshya അക്രഡിറ്റേഷൻ അംഗീകാരം ലഭിച്ചു. ആശുപത്രിയിലെ മാതൃശിശു ചികിത്സാ നിലവാരം നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയതിന് MBFHI (Mother Baby Friendly Hospital Initiative) അക്രഡിറ്റേഷൻ അംഗീകാരം ലഭിച്ചു.

**2021-22** വർഷങ്ങളിൽ ABPMJAY-KASP പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് പണരഹിത ചികിത്സാ ആനുകൂല്യം നൽകിയതിന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചു.

അസോസിയേഷൻസ് ഓഫ് സർജൻസ് ഓഫ് ഇന്ത്യയുടെ ബെസ്റ്റ് ഡിപ്പാർട്ടുമെന്റ് അവാർഡ് **2022** വർഷത്തിൽ സർജറി വിഭാഗത്തിന് ലഭിച്ചു.

മെഡിസെപ്പ് ആരംഭിച്ച് **100** ദിവസം പൂർത്തിയായപ്പോൾ കേരളത്തിലെ ടോപ്പ് പെർഫോർമർ അവാർഡ് കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിക്ക് ലഭിച്ചിട്ടുണ്ട്.

**2021** ദേശീയ രക്തദാന ദിനത്തോടനുബന്ധിച്ച് നടത്തിയ KSACS **ഉം** Kerala Blood Transfusion Council ഉം സംയുക്തമായി സംഘടിപ്പിച്ച "സസ്നേഹം സഹജീവിക്കായി" എന്ന രക്തദാന ചലഞ്ചിൽ മെഡിക്കൽ കോളേജ് വിഭാഗത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ബ്ലഡ് ബാങ്ക് ഒന്നാമതെത്തുകയും പുരസ്കാരം ലഭിക്കുകയും ചെയ്തു.

**<u>ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി</u>**

MBFHI **2022** ഓഗസ്റ്റിൽ ഈ സ്ഥാപനത്തിന് ലഭിച്ചു.

**<u>ഗവ. മെഡിക്കൽ കോളേജ്, കണ്ണൂർ</u>**

സംസ്ഥാനതലത്തിൽ മെഡിസെപ്പ് പദ്ധതി ഏറ്റവും മികച്ച രീതിയിൽ പൂർത്തീകരിച്ചതിന് **2022** വർഷത്തിൽ കേരള സർക്കാർ ഏർപ്പെടുത്തിയ പുരസ്കാരം കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന് ലഭിച്ചു.

**<u>ആരോഗ്യ വകുപ്പ്</u>**

ആരോഗ്യ വകുപ്പിന്റെ പ്രവർത്തന മികവിന്റെ ഫലമായി ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നല്കിയതിനുള്ള 2022-ലെ ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം കേരള സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് കീഴിൽ ഏറ്റവും കൂടുതൽ പേർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയതിനാണ് അവാർഡ് ലഭിച്ചത്.

ക്ഷയരോഗ മുക്ത നിലവാരം വിലയിരുത്തുന്നതിനു വേണ്ടിയുള്ള സബ് നാഷണൽ സർട്ടിഫിക്കേഷന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തരം മന്ത്രാലയം ഏർപ്പെടുത്തിയ പുരസ്കാരത്തിൽ സിൽവർ കാറ്റഗറിയിൽ സംസ്ഥാനത്തിന് പുരസ്കാരം ലഭിച്ചിട്ടുണ്ട്. നാഷണൽ ടി.ബി. എലിമിനേഷൻ പ്രോഗ്രാമിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഗോൾഡ് മെഡലിന് വയനാട് ജില്ല അർഹമായി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കാസർഗോഡ് ജില്ലകൾക്ക് സിൽവർ കാറ്റഗറിയിലും പുരസ്കാരം ലഭിച്ചു.

2020-ൽ ഐക്യ രാഷ്ട്ര സഭ (UN inter Agency Task Forceon NCD) പ്രഖ്യാപിച്ച ഏറ്റവും മികച്ച ജീവിതശൈലി രോഗനിർണ്ണയ പദ്ധതിക്കുള്ള അംഗ രാജ്യങ്ങൾ നൽകുന്ന അന്തർ ദേശീയ പുരസ്കാരം സംസ്ഥാന ആരോഗ്യ വകുപ്പിന് ലഭിക്കുകയുണ്ടായി.

ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന, കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി നടത്തിപ്പിനുള്ള (PMJAY-KASP) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് ഏറ്റവും ഉയർന്ന സ്കീം വിനിയോഗത്തിനുള്ള മികച്ച പ്രകടനം കാഴ്ച വച്ച സംസ്ഥാനത്തിനുള്ള അവാർഡ് ലഭിക്കുകയുണ്ടായി.

ആയുഷ്മാൻ ഭാരത്, പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന - കാരുണ്യ ആരോഗ്യ പദ്ധതിയിൽ ഏറ്റവും ഉയർന്ന സ്കീം വിനിയോഗത്തിലൂടെ മികച്ച പ്രകടനം കാഴ്ച വച്ച സംസ്ഥാനത്തിനുള്ള അവാർഡ് തുടർച്ചയായ 3–ാം വർഷവും കേരളം കരസ്ഥമാക്കി.

ഇന്ത്യയിൽ മാതൃ മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനത്തിനുള്ള ബഹുമതി കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിൽ നിന്നും സംസ്ഥാനത്തിന് 2022 ഡിസംബർ മാസത്തിൽ ലഭിച്ചു.

ആശാധാര പ്രോജക്ടിന് 2023-ൽ നാഷണൽ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| | | | | 2021 സെപ്റ്റംബർ 17 ലെ ലോക രോഗി സുരക്ഷാ ദിനത്തോടനുബന്ധിച്ച് (International Patient safety Day) ദേശീയ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംഘടിപ്പിച്ച "രോഗി സുരക്ഷാ സപ്താഹ്" ("Rogi suraksha Saptahh") വാരാഘോഷത്തിന്റെ ഭാഗമായി ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനങ്ങൾക്കുള്ള പുരസ്കാരം പ്രഖ്യാപിച്ചതിൽ കേരളം രണ്ട് അവാർഡുകൾക്ക് അർഹമായി.<br><br>ദേശീയ തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ .എ .എസ്) അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ കേരളം ഒന്നാം സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു.<br><br>ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്) അംഗീകാരം ലഭിച്ച പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ കേരളം റണ്ണർ അപ്പായി തിരഞ്ഞെടുക്കപ്പെട്ടു.<br><br>കേരളത്തിലെ 197 സർക്കാർ ആശുപത്രിക്കൾക്ക് ഇതുവരെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചു, സംസ്ഥാനത്ത് ആദ്യമായി ജനകീയാരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ ഗുണ നിലവാര അംഗീകാരം ലഭിച്ചു. 3 ജനകീയാരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ് അംഗീകാരം ലഭിച്ചത് |

സെക്ഷൻ ഓഫീസർ